## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *186

07.02.2019 ൽ മറുപടിക്ക്

## വ്യവസായ പ്രോത്സാഹന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. സജി ചെറിയാൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേനയും കിൻഫ്ര വഴിയും നടപ്പിലാക്കി വരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | കെ.എസ്.ഐ.ഡി.സി. നൽകി വരുന്ന വ്യവസായ പ്രോൽസാഹന പദ്ധതികൾ താഴെപ്പറയുന്നു.<br><br>**1)** ചെറുകിട ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ ധനസഹായവും മറ്റു വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകി വരുന്നു.<br><br>**2)** ബാങ്ക് നിരക്കുകളിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ ലോണുകളുടെ പലിശ നിരക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തുകയുണ്ടായി. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 9.75% - 11.75% ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു.<br><br>**3)** ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. |

**4)** പ്രളയക്കെടുതിയിൽ നിന്ന് വ്യവസായ മേഖലയെ കൈപിടിച്ച് ഉയർത്തുന്നതിന് കെ.എസ്.ഐ.ഡി.സി. പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

**5)** പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും ലോണുകളുടെ പലിശ നിരക്കിലുള്ള വർദ്ധനവ് അടുത്ത രണ്ടു വർഷത്തേയ്ക്ക് (2020 സെപ്റ്റംബർ 30 വരെ) ഒഴിവാക്കിയിരിക്കുന്നു.

**6)** പുതിയ ഉൽപ്പാദന വ്യവസായങ്ങൾക്ക് കേരള ഗവൺമെന്റിന്റെ എൻട്രപ്രീണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്) പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

ഇതു കൂടാതെ കേരളത്തിലെ യുവതലമുറയെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഏഞ്ചൽ ഫണ്ടിംഗ്/സീഡ് ഫണ്ടിംഗ് എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി ഇന്നൊവേറ്റീവ് സ്റ്റാർട്ട് അപ്പുകൾക്ക് വേണ്ട സഹായങ്ങൾ നൽകി അവർക്ക് വ്യാവസായിക വിജയം ഉറപ്പു വരുത്തുന്നു.

കിൻഫ്ര വഴി നടപ്പിലാക്കി വരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.
2. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം
3. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്
5. കിൻഫ്ര പാർക്ക്, മട്ടന്നൂർ
6. മെഗാ ഫുഡ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
7. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
8. ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.

| | | | |
|---|---|---|---|
| (ബി) | പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | **(ബി)** | ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ 'പെട്രോ കെമിക്കൽ പാർക്ക്' സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20.12.2017 തീയതി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 489.46 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എല്ലിന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിയ്ക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രോയോജനപ്പെടുത്താവുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയൻറ്സ് കൺസൽട്ടൻസിനെ കിൻഫ്ര നിയമിച്ചിട്ടുണ്ട്. അവർ പ്രോജകട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് വേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. |
| (സി) | കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒറ്റപ്പാലം ഡിഫൻസ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക് എന്നിവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | **(സി)** | കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒറ്റപ്പാലം ഡിഫൻസ് പാർക്കിന്റെയും പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെയും നിലവിലെ സ്ഥിതി താഴെ പറയുന്നു.<br>**1. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം**<br>പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് ഡിഫൻസ് പാർക്കിന്റെ |

നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവ്. 50 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായമായി ലഭിക്കും. ഇതിൽ 35 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചു കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ്, കോമൺ യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മൊത്തത്തിൽ പദ്ധതിയുടെ 71% പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 31.03.2019-ഓടു കൂടി പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകും.

**2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്**

കിൻഫ്ര ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക് 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. ഈ പദ്ധതിയ്ക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 28.81 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ധനസഹായം 6 കോടി രൂപയും നല്കിയിട്ടുണ്ട്.

ഇതിന്റെ ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങളായ ചുറ്റുമതിൽ, റോഡ്, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, വെയർ ഹൗസ്, വേബ്രിഡ്ജ്, ഗേറ്റ് ഹൗസ്, സ്പൈസസ് പ്രോസസിംഗ് സംവിധാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കോൾഡ് സ്റ്റോറേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 70% പൂർത്തീകരിച്ചു. 31.01.2019 ഓടു കൂടി ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പാർക്കിന്റെ 95% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 18 സംരംഭകർക്കായി

| | | | |
|---|---|---|---|
| | | | 29.55 ഏക്കർ ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ അലോട്ട്മെന്റ് 2019 തുടക്കത്തിൽ തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പുനർജ്ജനി പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാമോ? | **(ഡി)** | പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പുനർജ്ജനി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## പുനർജനി പദ്ധതി

പ്രളയ ബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെ.എസ്.ഐ.ഡി.സി.) പുനർജനി എന്ന പ്രത്യേക വായ്പാ പദ്ധതി പ്രഖ്യാപിച്ചു. ഈ പദ്ധതി പ്രകാരം പ്രളയ ബാധിത ജില്ലകളിലും വില്ലേജുകളിലും ഹ്രസ്വകാല വായ്പകൾ, പതിവു കാലാവധി വായ്പകൾ. കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്കായി അധിക പിന്തുണാ പദ്ധതി, ഹ്രസ്വ കാലാവധി വായ്പകൾക്ക് സംസ്ഥാനം മുഴുവൻ ബാധകമായ പ്രത്യേക പദ്ധതി എന്നിവയാണു ലഭ്യമാക്കുക.

9 ശതമാനം പലിശ നിരക്കിൽ മൂന്നു കോടി രൂപ വരെയാവും ഹ്രസ്വകാല വായ്പയായി നൽകുക. നിലവിലുള്ള പലിശ നിരക്കിൽ (ഫ്ലോട്ടിംഗ്) നിന്ന് 2.75 ശതമാനം വരെ ഇളവിലാകും ഈ വായ്പ നൽകുക. വായ്പ ലഭിച്ച് ഒൻപതു മാസത്തിനു ശേഷമാവും തിരിച്ചടവു തുടങ്ങുക. വൻകിട വ്യവസായ സ്ഥാപനങ്ങൾക്കു മാത്രം ലഭിച്ചിരുന്ന വായ്പാ സൗകര്യങ്ങൾ നിബന്ധനകൾക്കു വിധേയമായി ചെറുകിട സ്ഥാപനങ്ങൾക്കും വ്യക്തികൾ നടത്തുന്ന സംരംഭങ്ങൾക്കും ലഭ്യമാക്കുമെന്നതാണ് പുതിയ പദ്ധതിയുടെ സവിശേഷതകളിലൊന്ന്. കുറഞ്ഞ വായ്പാ പരിധി 50 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി കുറച്ചിട്ടുണ്ട്. ഹ്രസ്വകാല വായ്പാ തിരിച്ചടവു കാലാവധി ഒരു വർഷത്തിൽ നിന്നു മൂന്നു വർഷമായി ഉയർത്തി. ജാമ്യ വ്യവസ്ഥ ഉദാരമാക്കൽ, പ്രോസസ്സിങ് ഫീസ് ഒഴിവാക്കൽ എന്നിവയടക്കമുള്ള ആനുകൂല്യങ്ങളോടെ 2019 മാർച്ച് 31 വരെ പദ്ധതി പ്രാബല്യത്തിലുണ്ടാകും. പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും 2020 സെപ്റ്റംബർ 30 വരെ പലിശ നിരക്കിൽ വർധനവു വരുത്തില്ലെന്ന് മാത്രമല്ല റിസർവ് ബാങ്ക് റിപ്പോനിരക്ക് കുറക്കുകയാണെങ്കിൽ പലിശ ഇനിയും കുറക്കുകയും ചെയ്യും. തകർന്നു പോയ അടിസ്ഥാന സൗകര്യങ്ങൾ പുനർ നിർമിക്കുക മാത്രമല്ല, സാമ്പത്തിക വ്യവസായ മേഖലകളെ കൂടുതൽ ഊർജ്ജത്തോടെ പുനസ്ഥാപിക്കുക കൂടിയാണ് ലക്ഷ്യമിടുന്നത്.

പ്രളയ ബാധിത പ്രദേശങ്ങൾക്കായുള്ള നിശ്ചിതകാല വായ്പാ പദ്ധതി പ്രകാരം പലിശ നിരക്കിൽ (ഫ്ലോട്ടിംഗ്) ഒരു ശതമാനം വരെ ഇളവും നൽകും. നിലവിലെ ഏറ്റവും കുറഞ്ഞ പലിശ (ഫ്ലോട്ടിംഗ്) നിരക്കായ 9.75 ശതമാനത്തിൽ കുറയാത്ത വിധം ഇത് നടപ്പാക്കുക എന്നാൽ മാത്രമല്ല റിസർവ് ബാങ്ക് പലിശനിരക്ക് കുറക്കുകയാണെങ്കിൽ പലിശ ഇനിയും കുറക്കുകയും ചെയ്യും. വായ്പയുടെ ആദ്യ ഗഡു മുതൽ മൂന്നു വർഷത്തേക്ക് ഈ നിരക്ക് നിലവിലുണ്ടാകും. 2019 സെപ്റ്റംബർ 30 വരെയാവും ഈ പദ്ധതി പ്രാബല്യത്തിലുണ്ടാകുക.

സ്ത്രീകൾക്കും, പട്ടിക ജാതി- പട്ടിക വർഗ വിഭാഗക്കാർക്കും നിബന്ധനകൾക്കു വിധേയമായി ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന നൽകും. ഇതിനു പുറമേ നിലവിൽ കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായം നേടിയിട്ടുള്ള സംരംഭങ്ങൾക്കുള്ള വളരെ ഉദാരമായ പിന്തുണാ നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രളയ ബാധിത പ്രദേശത്ത് കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിനു കൂടുതൽ സമയം അനുവദിക്കുകയും നിലവിൽ അടച്ചു തീർക്കാനുള്ള പലിശ ഘട്ടം ഘട്ടമായി കുറഞ്ഞ പലിശ നിരക്കിൽ (ഒൻപതു ശതമാനം) അടച്ചു തീർക്കാനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് ഒരു വർഷത്തേക്കു പിഴ പലിശയും ബാധകമായിരിക്കില്ല. വായ്പയിൽ മുതൽ തിരിച്ചടവിന് ഒരു വർഷത്തെ മോറട്ടോറിയം നൽകും.

2019 മാർച്ച് 31 വരെ ലഭിക്കുന്ന അപേക്ഷകൾക്ക് ആവശ്യകത വിലയിരുത്തി ആനുകൂല്യങ്ങളും ലഭിക്കുന്നതായിരിക്കും. പ്രളയ ബാധിത പ്രദേശങ്ങളിലെ വ്യവസായ സംരംഭങ്ങൾ മാറ്റി സ്ഥാപിക്കാനും പുതിയ സംരംഭങ്ങൾ ആരംഭിക്കാനും കെ.എസ്.ഐ.ഡി.സി.യുടെ അടക്കമുള്ള വ്യവസായ പാർക്കുകളിൽ മുൻഗണന നൽകുന്നതും സ്ഥലം ലഭ്യമാക്കുന്നതുമായ പദ്ധതിയും സർക്കാരിൻറെ പരിഗണനയിലുണ്ട്. സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഏജൻസി എന്ന നിലയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ വളരെ ഉദാരമായ രീതിയിലാണ് പ്രളയബാധിത വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ പുനർജനി പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ